കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# ചെറിയനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി5-900/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,ആലപ്പുഴ ജില്ല.
തീയതി.27.09.2019, ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറിയനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറിയനാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിററ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി5-900/2019 തീയതി :27.09.2019

**ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റ 2018 - 19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2018 മുതൽ 06.07.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.നടരാജൻ.പി.ബി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.07.2019 മുതൽ 18.07.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുജ.എൻ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ.പ്രവീൺ ഷേണായി,<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ദീപ.കെ.ഗോപാൽ,<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുഷ.റ്റി.പിള്ള,<br>സീനി.ഗ്രേ.ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.കെ.രാധമ്മ | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ബിജുകുമാർ. ആർ | 01.04.2018 മുതൽ<br>24.06.2018വരെ |
| | ശ്രീമതി.അനിത.എസ്(ചാർജ്ജ്) | 24.06.2018 മുതൽ<br>25.06.2018 വരെ |
| | ശ്രീ . വി.യു.മോഹനൻ | 25.06.2018 FN മുതൽ<br>03.07.2018 വരെ |
| | ശ്രീ.ജി.സുനിൽകുമാർ | 04.07.2018 മുതൽ<br>31.03.2019വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അഭിലാഷ്.ബി | 01.04.2018മുതൽ<br>31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.ദിവ്യ.ആർ.തങ്കം | 01.04.2018മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രേഖ ലക്ഷ്മി | 01.04.2018മുതൽ<br>13.07.2018 വരെ |
| | ശ്രീമതി.ഉഷാ കുമാരി | 16.07.2018മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.അജീഷ് കുമാർ | 01.04.2018മുതൽ<br>05.05.2018 വരെ |
| | ഡോ.ഹരി വിശ്വനാഥ് | 06.05.2018മുതൽ<br>23.03.2019 വരെ |
| | ഡോ.ആര്യ | 24.03.2019മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.രാജി.ആർ | 01.04.2018മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സാജൻ ചെറിയാൻ | 01.04.2018മുതൽ<br>08.07.2018 വരെ |
| | ഡോ.റംലത്ത് ബീവി | 09.07.2018മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.പത്മകുമാരി.സി | 01.04.2018മുതൽ 31.03.2019 വരെ |
| അസ്സി.എഞ്ചിനീയർ | ശ്രീമതി.ലീജിയ രാജു | 01.04.2018മുതൽ 19.06.2018 വരെ |
| | ഒഴിവ് | 20.06.2018മുതൽ 25.062018 വരെ |
| | ശ്രീമതി.സജ്നാ സെയ്ദ് | 26.06.2018മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി.ആശ.ജി.ഉണ്ണി | 01.04.2018മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.ഹരീഷ് കുമാർ | 01.04.2018മുതൽ 13.06.2018 വരെ |
| | ശ്രീമതി.അനിത.എസ് | 14.06.2018FNമുതൽ 22.06.2018 വരെ |
| | ശ്രീ.ബിജു.കെ.പി | 22.06.2018ANമുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.റജിമോൾ | 01.04.2018മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | വസ്തു നികുതി അടയ്ക്കാതെ മൊബൈൽ ഫോൺ ടവറുകൾ പ്രവർത്തനം തുടരുന്നു |
| 3 | 2-2 | ലൈസൻസ് ഫീസിനൊപ്പം മോട്ടോർ ഫീസ് ഈടാക്കുന്നില്ല -വരുമാന നഷ്ടം |
| 4 | 2-3 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 5 | 2-4 | പെർമിറ്റിനു വിരുദ്ധമായും പെർമിറ്റില്ലാതെയും അനധികൃതനിർമ്മാണം |
| 6 | 2-5 | ലക്ഷങ്ങൾ നീക്കിയിരിപ്പുള്ള ബാങ്ക് അക്കൗണ്ട് നിഷ്ക്രിയമായി നിലനിർത്തിയിരിക്കുന്നു |
| 7 | 2-6 | ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക തിരികെ ഈടാക്കിയില്ല. |
| | | ഭാഗം 3 |
| 8 | 3-1 | സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാകുന്നു. |
| 9 | 3-2 | ടാങ്കറിൽ കുടിവെള്ളവിതരണം-അധികചെലവ് അനുവദിനീയമല്ല. |
| 10 | 3-3 | പുതിയ എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ.(S12/19).ഇൻസ്റ്റലേഷൻ നടത്താതെ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള തുക നൽകി. |
| 11 | 3-4 | ഓൺലൈൻ പോർട്ടൽ വഴി കമ്പ്യൂട്ടർവാങ്ങൽ - നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായില്ല. |
| 12 | 3-5 | തെരുവു വിളക്ക് അറ്റകുറ്റപണി -അപാകതകൾ. |
| 13 | 3-6 | സാമൂഹ്യക്ഷേമ പെൻഷനുകൾ -സമയബന്ധിതമായി അനുവദിക്കുന്നതിന് ശ്രദ്ധചെലുത്തണം. |
| 14 | 3-7 | ലൈഫ് പദ്ധതി - അവലോകനം |
| 15 | 3-8 | ജനപ്രതിനിധികളുടെ യാത്രാബത്ത.രണ്ടുവർഷം മുമ്പുള്ളയാത്രകൾക്കു തുക നൽകി. |
| 16 | 3-9 | ഹരിത കർമ്മ സേന - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. |
| 17 | 3-10 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം.പ്രോജക്റ്റ് നം..22/2019. അപാകതകൾ |
| 18 | 3-11 | പി.എച്ച്.സി. യിലേക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ഭാഗികമായി മാത്രം ലഭിച്ചു |
| 19 | 3-12 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ഭാഗികമായി മാത്രം ലഭിച്ചു |
| 20 | 3-13 | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിന് (IRTC) മുൻകൂർ നൽകിയ തുക – പൂർത്തീകരണം നിരീക്ഷിക്കപ്പെടേണ്ടതാണ് |
| 21 | 3-14 | ധനകാര്യകമ്മീഷൻ ഗ്രാന്റ് - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചു |
| 22 | 3-15 | ഡെപ്പോസിറ്റ് വർക്ക് - സർക്കാർ നിർദ്ദേശം പാലിച്ചില്ല |
| 23 | 3-16 | അങ്കണവാടിയിൽ സ്മാർട്ട് ക്ലാസ്സ് റൂം - സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി |
| 24 | 3-17 | കരാർകാലാവധിക്കുള്ളിൽ പൂർത്തിയാകാത്ത വർക്കുകൾ-പുതുക്കിയ പി.ഡബ്ല്യു.ഡി.മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല |
| | | ഭാഗം 4 |
| 25 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 26 | അനുബന്ധം - 1 | |
| 27 | അനുബന്ധം - 2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018 -19 വർഷത്തെ ബജറ്റ് 09/03/2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 181767113 | 178332000 |
| വാർഷിക കണക്ക് പ്രകാരം | 83745238 | 67846238 |

**1-2 <u>വാർഷിക ധനകാര്യപത്രിക.</u>**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31/07/2019 | 06/05/2019 |

**1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.</u>**

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.5-494/2019 തീയതി.25/06/2019 | വിശേഷണങ്ങളോടു കൂടിയത് |

**1-4 <u>സാമ്പത്തിക വിശകലനം</u>**

| | |
|---|---|
| മുന്നിരിപ്പ് | 6167816 |
| വരവ് | 77577422 |
| ആകെ | 83745238 |
| ചെലവ് | 67846238 |
| നീക്കിയിരിപ്പ് | 15899000 |

**1-5 <u>ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)</u>**

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14160000 | 14160000 | 14160000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8406000 | 8406000 | 7096539 | 1309461 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 96000 | 96000 | 0 | 96000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8780000 | 8780000 | 3532312 | 5247688 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3089000 | 3089000 | 2053715 | 1035285 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8418093 | 8418093 | 4974660 | 3443433 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 26610872 | 26610872 | 26610872 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 525820 | 282705 | 808525 | 786422 | 22103 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | | 0 | 756313 | 756313 | 756313 | 0 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 52290**(*)** | 4779538 | 4831828 | 2724536 | 2107292 |
| | ജില്ലാ പഞ്ചായത്ത് | 0 | 1789657 | 1789657 | 300000 | 1489657 |
| ബി ഫണ്ട് | | 0 | 456600 | 456600 | 456600 | 456600 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5370179 | 11226266 | 16596445 | 10885544 | 5710901 |
| | ട്രഷറി അക്കൗണ്ട് | 32442 | 18418192 | 18450634 | 11826197 | 6624437 |

(*) 2017-18 ൽ ബ്ലോക്ക് വിഹിതം ഇനത്തിൽ 52290/- രൂപ വകയിരുത്തിയത് 17-18 ൽ ലഭിച്ചിരുന്നു. ഈ തുക 18-19 ൽ വീണ്ടും അനുവദിക്കുകയുണ്ടായി. അധികമായി ലഭിച്ച 52290/- രൂപ തിരിച്ചടച്ചതും ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

**1-6 <u>പദ്ധതി അവലോകനം</u>**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 183 | 119350719 | 87 | 48638277 | 19 | 77 | 48 |

**1-7 <u>തൊഴിലുറപ്പ് പദ്ധതി</u>**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 525820 | 282705 | 808525 | 786422 | 22103 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 26610872 | 26610872 | 26610872 | 0 |

**1-8 <u>ക്ഷേമപദ്ധതികൾ</u>**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 108600 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 6198600 | 474 |
| വിധവാപെൻഷൻ | 9691600 | 798 |
| വാർദ്ധക്യകാലപെൻഷൻ | 20512800 | 1712 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3571600 | 269 |
| അവിവാഹിതപെൻഷൻ | 436000 | 35 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

**1-9 <u>ആഭ്യന്തര നിയന്ത്രണ സംവിധാനം</u>**

ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ഓരോ ജീവനക്കാരനിലും നിക്ഷിപ്തമായ ചുമതല സംബന്ധിച്ച് വ്യക്തതയില്ല. വർഷാരംഭത്തിൽ തന്നെ ജീവനക്കാർക്ക് കൃത്യമായ ജോലി വിഭജനം നടത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2.പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ പുറമ്പോക്ക് സംബന്ധിച്ചഭാഗങ്ങൾ അപൂർണ്ണമാണ് കാലഹരണപ്പെട്ടതും, പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് രജിസ്റ്റ ർ സൂക്ഷിച്ചിട്ടില്ല.

3. വാങ്ങലുകൾ നടത്തുന്നതിൽ പലപ്പോഴം പ്രൊക്യൂവർമെന്റ് മാന്വലിൽ നിന്ന് വ്യതിചലിക്കുന്നതായി കാണുന്നു.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല.വർഷാന്ത്യ ബാലൻസ് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

4. ഫയൽ നീക്കത്തിനായുള്ള സൂചിക സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

**1-10 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/06/2019 | 05/2019 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.08.2016 | 2011-2012 മുത ൽ 2015-16 വരെ | 25.10.2016 |

## <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 വസ്തു നികുതി അടയ്ക്കാതെ മൊബൈൽ ഫോൺ ടവറുകൾ പ്രവർത്തനം തുടരുന്നു.

ചെറിയനാട് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 7 മൊബൈൽ ഫോൺ ടവറുകളിൽ ചുവടെ പട്ടികയിൽ ചേർക്കുന്ന ടവറുകളുടെ നാളിതു വരെയുള്ള വസ്തു നികുതി അടച്ചിട്ടില്ല.

| ക്രമനം | വാർഡിന്റെ പേര് | വാർഡ് നം / കെട്ടിട നം | മൊബൈൽ ടവറിന്റെ ഉടമസ്ഥത | നികുതി നിലവിൽ വന്ന വർഷം | വാർഷിക നികുതി | ലൈബ്രറി സെസ്സ് | സർവ്വീസ് ചാർജ്ജ് | ആകെ |
|---|---|---|---|---|---|---|---|---|
| 1 | കൊല്ലകടവ് | XI /309A | സബ് ഡിവിഷണൽ എഞ്ചിനീയർ, ഐഡിയ | 2013-14 I st half | 6000 | 300 | 360 | 6660 |
| 2 | മാന്ത്ര | V/150 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ ടെലക്കോം ലിമിറ്റഡ് | 2013-14 I st half | 6050 | 303 | 363 | 6716 |

നികുതി അടയ്ക്കുന്നതിൽ വീഴച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 13/15.07.19 ന് ഉള്ള മറുപടിയിൽ വസ്തു നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു എന്ന് അറിയിച്ചു.

വസ്തു നികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ വലിയൊരു ഭാഗം കാലഹരണപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളുടെയും, അനുബന്ധ കെട്ടിടങ്ങളുടെയും വസ്തു നികുതി കൃത്യമായി ഒടുക്കു വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും അനധികൃതമായി തുടരുന്നവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 2-2 ലൈസൻസ് ഫീസിനൊപ്പം മോട്ടോർ ഫീസ് ഈടാക്കുന്നില്ല -വരുമാന നഷ്ടം

2018-19 കാലയളവിലേക്ക് ലൈസൻസിന് അപേക്ഷ സമർപ്പിച്ച ചുവടെ പേരു ചേർക്കുന്ന വ്യാപാരികളിൽ/ സംരംഭകരിൽ നിന്നും 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും നൽകൽ) ചട്ടങ്ങളിലെ ചട്ടം 17, 18 - പട്ടിക III പ്രകാരം ഈടാക്കാമായിരുന്ന മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വ്യാപാരിയുടെ പേര് / സ്ഥാപനം | വ്യാപാരം | മോട്ടോറിന്റെ കുതിര ശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | വിദ്യാധരൻ.വി.റ്റി – വിജിൽ എഞ്ചിനീയറിംഗ് വർക്ക്സ് | വെൽഡിംഗ് വർക്ക്സ് | 5 Hp | 100 |
| 2 | അബ്ദുൾ ജബ്ബാർ, തൃപ്തി ഫ്ലവർ മിൽ | ഫ്ലവർ മിൽ | 15 Hp | 200 |
| 3 | മധുസൂദനൻ പിള്ള, അർജ്ജുൻ എഞ്ചിനീയറിംഗ് വർക്ക്സ് | വെൽഡിംഗ് | 5 Hp | 100 |
| 4 | റീനാ സയ്യിദ്, ഇൻഡോ വുഡ് ഇന്നർ സൊല്യൂഷൻസ് | പാർട്ടിക്കിൾ ബോർഡ് എം.ഡി.എഫ് നിർമ്മാണം | 10 Hp | 100 |

| | | | | |
|---|---|---|---|---|
| 5 | ഏ .കെ .ഏബ്രഹാം, ആർ.ആർ വെൽഡിംഗ് വർക്സ് | വെൽഡിംഗ് | 9 Hp | 100 |
| 6 | രമാ ഗോപി, മീരാ എഞ്ചിനീയറിംഗ് വർക്സ് | വെൽഡിംഗ് | 1 Hp | 50 |
| 7 | അനൂപ്.ടി.അൻസാരി, റോത്ത്മാൻ സോഫ്റ്റ് ഡ്രിംഗ്സ് | സോഫ്റ്റ് ഡ്രിംഗ്സ് നിർമ്മാണം | 0.5 Hp | 10 |
| 8 | അനിൽ കുമാർ, അക്ഷയാ ബ്രിക്സ് | സിമെന്റ് കട്ട നിർമ്മാണം | 4.5 Hp | 50 |
| 9 | വിജയലക്ഷ്മി അജയകുമാർ, ഉപരിക്കുന്നത്ത് ഫ്ലവർ മിൽ | ഫ്ലവർ മിൽ | 10 Hp | 200 |
| 10 | തോമസ്.റ്റി.തോമസ്, സെന്റ് മേരീസ് എഞ്ചിനീയറിംഗ് വർക്സ് | വെൽഡിംഗ് | 10 Hp | 200 |
| | | | ആകെ | 1110 |

നിയമാനുസൃതം ഈടാക്കാവുന്ന ഫീസ് ഈടാക്കാതെ ലൈസൻസ് നല്കിയതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.6 /15.07.19 ന് ഉള്ള മറുപടിയിൽ മേൽ പരാമർശിച്ചിട്ടുള്ളവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) എ (i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ 2018-19 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ ചുവടെ പേരു ചേർക്കുന്ന കരാറുകാരിൽ(എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് /വിലാസം |
|---|---|
| 1 | വി.ആർ.ശശി,വാഴവേലിൽ,ചെറിയനാട് |
| 2 | വി.എം.മുഹമ്മദ്ബഷീർ,വലിയവീട്ടിൽ,ചെറിയനാട് |
| 3 | സുജിത്ത്കുമാർ.എസ്,പോക്കാടത്ത്, ചെറിയനാട് |
| 4 | രമേശൻ.കെ, തെക്കേകുളഞ്ഞിത്തറ, ചെറിയനാട് |
| 5 | മാമ്മൻ ഏബ്രഹാം,പാറക്കുന്നത്ത് വീട്, തോനയ്ക്കാട്, ചെറിയനാട് |
| 6 | അജികുമാർ, വലിയവീട്ടിൽ, ചെറിയനാട് |
| 7 | കെ.പി.ഹരിദാസ്,കാവുങ്കൽ, ഇലഞ്ഞിമേൽ |

ഒരു അർദ്ധ വർഷത്തിൽ ഈടാക്കേണ്ട നികുതി 1250/- രൂപ എന്ന കണക്കിൽ പഞ്ചായത്ത് ഫണ്ടിന് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്നും നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.18/16.07.19 ന് നല്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവൻ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട് .

പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ഗണ്യമായ പങ്കു വഹിക്കുന്ന തൊഴിൽ നികുതി വീഴ്ച കൂടാതെ ഈടാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 2-4 പെർമിറ്റിനു വിരുദ്ധമായും പെർമിറ്റില്ലാതെയും അനധികൃതനിർമ്മാണം

ഗ്രാമ പഞ്ചായത്തിൽ 6-ാം വാർഡിൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ചിന്റെ ഭാഗമായി ബൈബിൾ സ്റ്റഡി സെന്റർ/സൺഡേ സ്കൂൾ നടത്തുന്നതിന് 485.22 $m^2$ വിസ്തീർണ്ണമുള്ള നിർമ്മാണത്തിന് 15.01.2016 ൽ ട്രസ്റ്റി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നിർമ്മാണാനുമതിയിൽ നിന്നും വ്യതിചലിച്ച് കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുകയും അംഗീകാരത്തിന് സമർപ്പിച്ച പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത നിർമ്മാണങ്ങൾ നടത്തുകയും വഴി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളെല്ലാം മറികടന്ന് നിലവിലും നിർമ്മാണം തുടരുകയാണ്.

പഞ്ചായത്തിൽ നിന്നും 15.04.2017, 02.05.2017 തീയതികളിൽ നൽകിയ സ്റ്റോപ്പ് മെമ്മോ കൈപ്പറ്റി നിർമ്മാണം താല്ക്കാലികമായി നിർത്തിവച്ച് അനധികൃത നിർമ്മാണം ക്രമ വൽക്കരിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് നിരസിച്ചു. 20.12.2018 ൽ കെട്ടിടത്തിന്റെ തുടർ നിർമ്മാണത്തിന് സർക്കാർ അനുമതിയ്ക്കായി അപേക്ഷിച്ചുവെങ്കിലും ചട്ട വിരുദ്ധമായ നിർമ്മാണങ്ങൾ പൊളിച്ചു നീക്കി പ്ലാൻ പ്രകാരമുള്ള ഭാഗങ്ങൾ നിലനിർത്തി ജില്ലാ ടൗൺപ്ലാനറുടെ അനുമതിയോടെ മാത്രം നിർമ്മാണം തുടരുവാൻ ഉത്തരവായി. എന്നാൽ സർക്കാർ ഉത്തരവും പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള സ്റ്റോപ്പ് മെമ്മോയും മറ്റു നിയമാനുസൃത നടപടികളും അവഗണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടരുകയാണ് എന്ന് ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു.

അനധികൃത നിർമ്മാണം സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണം നം.14/15.07.2019 ന് ഉള്ള പ്രസ്തുത മറുപടിയിൽ WP(c) 33258/17 നമ്പരായി ബഹു.ഹൈക്കോടതിയിലും OS No.80/18 നമ്പരായി ചെങ്ങന്നൂർ മുൻസിഫ് കോടതിയിലും ഈ വിഷയം സംബന്ധിച്ച് കേസുകൾ നിലനിൽക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്.

# 2-5 ലക്ഷങ്ങൾ നീക്കിയിരിപ്പുള്ള ബാങ്ക് അക്കൗണ്ട് നിഷ്ക്രിയമായി നിലനിർത്തിയിരിക്കുന്നു

ചെറിയനാട് സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം.1733 ൽ ആയിരുന്നു 2011-12 വർഷം വരെ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് നിക്ഷേപിച്ചിരുന്നത്. അക്കൗണ്ട് നം.1733 ൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ച നിർമ്മൽ പുരസ്കാര തുകയായ 500000/- രൂപയും വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന് ശുചിത്വ മിഷൻ നല്കിയ 306000/- രൂപയും ഗാർഹിക കക്കൂസ് നിർമ്മാണത്തിന് ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1080000/-രൂപയും നിക്ഷേപിച്ചിരുന്നു. മേൽ ഇനങ്ങളിൽ ലഭിച്ച തുകകളുടെ ചെലവു കഴിഞ്ഞുള്ള തുകയും പലിശയും ചേർത്ത് 31.03.2019 ൽ അക്കൗണ്ട് നം.1733 ൽ പലിശ ഉൾപ്പടെ 604515.50 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 11.12.2015 നു ശേഷം ഈ അക്കൗണ്ടിൽ ക്രയ വിക്രയങ്ങളൊന്നും നടന്നിട്ടില്ല. മറിച്ച് 2011-12 വർഷം മുതൽ തനതുഫണ്ട് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ കൊല്ലക്കടവ് ശാഖയിൽ പുതുതായി തുടങ്ങിയ അക്കൗണ്ടിലാണ് സൂക്ഷിച്ചു പോരുന്നത്. ചെങ്ങന്നൂർ സബ് ട്രഷറിയിലും തനതുഫണ്ടിനായി ഒരു അക്കൗണ്ട് നിലനിർത്തുന്നുണ്ട്.

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 212(6), 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിയ്ക്കലും പിൻവലിയ്ക്കലും) ചട്ടങ്ങളിലെ ചട്ടം-3 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി മാത്രം പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കാം എന്നിരിക്കെ തനതു ഫണ്ടിനായി ട്രഷറി അക്കൗണ്ട് കൂടാതെ ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിയ്ക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മുൻ വർഷങ്ങളിൽ തനതു ഫണ്ടിനായി ഉപയോഗിച്ചിരുന്ന ഈ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക നിലവിലെ തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലക്ഷങ്ങൾ നീക്കിയിരിപ്പുള്ള അക്കൗണ്ട് നിഷ്ക്രിയമായി നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം.8/15.07.19 ന് നല്കിയ മറുപടിയിൽ 2015-16 മുതൽ മേൽ ഫണ്ടുകൾ ഉപയോഗിച്ചു നടപ്പാക്കാവുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടില്ലായെന്നും 2019-20 കാലയളവിൽ ഈ തുക വിനിയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും അറിയിച്ചു.

സുതാര്യമായ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിലേക്കായി മേൽപ്പറഞ്ഞ അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് തുക തനതു ഫണ്ടിന് സജീവമായ ഒരു അക്കൗണ്ട് നിലനിർത്തി അതിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

## 2-6 ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക തിരികെ ഈടാക്കിയില്ല.

2018-19 വർഷം ഇ-ടെണ്ടർ ചെയ്ത 5 വർക്കുകളുടെ ടെണ്ടർ ഫീസ് ഇനത്തിൽ 9812/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലപ്പുഴയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമയബന്ധിതമായി ചെലവു നടത്തുന്നില്ല.ഫണ്ട് ലാപ്സാകുന്നു.

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതിനാൽ പഞ്ചായത്തിന് വൻതുക നഷ്ടമായിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷാവസാനം പഞ്ചായത്ത് ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| വികസനഫണ്ട്(ജനറൽ) | 0 |
| വികസനഫണ്ട് (എസ്.സി. പി) | 1309461 |
| വികസനഫണ്ട് (റ്റി.സി. പി) | 96000 |
| സി.എഫ്. സി | 5247688 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 1035285 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3443433 |
| ലോകബാങ്ക് ധനസഹായം. | 0 |
| ആകെ | 11131867 |

പ്രളയവും രണ്ട് ഇലക്ഷനുകളും പഞ്ചായത്തിന്റെ പ്രവർത്തനത്തെ ബാധിച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്നും വരും വർഷങ്ങളിൽ പരമാവധി തുക ചെലവഴിക്കാൻ ശ്രമിക്കുന്നതാണ് എന്നും പ്രസിഡന്റ് അറിയിച്ചു. ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനായി ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് ശ്രദ്ധചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്ഥിരം സമതി കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-2 ടാങ്കറിൽ കുടിവെള്ളവിതരണം-അധികചെലവ് അനുവദിനീയമല്ല.

പഞ്ചായത്തിൽ ടാങ്കറിൽ കുടിവെള്ളവിതരണം ചെയ്യുന്നതിന് ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്കു ക്വോട്ടുചെയ്ത ശ്രീ.ജോൺസ് മാത്യൂ, കൊച്ചുകാട്ടിൽ കോട്ടേജ് എന്നയാളിന്റെ ക്വട്ടേഷൻ 12-04-2018 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 5000ലിറ്റർ വെള്ളം ഒരു കിലോമീറ്റർ എത്തിക്കുന്നതിന് 55/-രൂപ നിരക്കിലാണ് കരാർ വച്ചിട്ടുള്ളത്.ജി.പി.എസ്സ് ഘടിപ്പിച്ച വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ജി.പി.എസ്സ് റിപ്പോർട്ട് പ്രകാരം 3301 km ആണ് ആകെ യാത്ര ചെയ്തിട്ടുള്ളത്. ആയതിനാൽ അംഗികൃത നിരക്ക് അനുസരിച്ച് 181555/- രൂപ നൽകിയാൽ മതിയായിരുന്നു. എന്നാൽ ചെക്കു നം. 8665458 തീയതി 17-09-2018 പ്രകാരം 363110/- രൂപ കരാറുകാരന് നൽകി. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരന് തുക നൽകിയതിൽ പിശക് സംഭവിച്ചിട്ടുണ്ട് എന്നും ഇയാളിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 181555/- രൂപ തിരികെ ഈടാക്കുന്നതുവരെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തുടരുന്നതാണ്.

## 3-3 പുതിയ എൽ.ഇ.ഡി.സ്റ്റ്ടീറ്റ് ലൈറ്റ് സ്ഥാപിക്കൽ. (S12/19).ഇൻസ്റ്റലേഷൻ നടത്താതെ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള തുക നൽകി.

ചെലവുതുക-555030/- രൂപ

ബിൽ.നം.29/18-19 DT 23-2-2019

21-02-2019ലെ സെക്രട്ടറിയുടെ നടപടിക്രമ പ്രകാരം 18W എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകൾ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ ഒരു യൂണിറ്റിന് 2642.99 രൂപക്ക് 210 ലൈറ്റുകൾ കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫയർ സൊസൈറ്റിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഈ ലൈറ്റുകൾ സ്റ്റോക്ക് രജിസ്റ്റർ പേജ്.113 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 15-02-2019 ൽ ക്രൂസുമായി വച്ചിട്ടുള്ള കരാർ നിബന്ധന 8 പ്രകാരം കരാറുകാരൻ സാധനം വിതരണം ചെയ്ത് 15 ദിവസത്തിനകം വിതരണം ചെയ്ത സാധനസാമഗ്രികളുടെ തുക നൽകണം. ബാക്കി തുക സാമഗ്രികൾ ഫിറ്റ് ചെയ്തശേഷം കരാറുകാരന്റെയും ബന്ധപ്പെട്ട വാർഡ് മെമ്പറുടേയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ കൈമാറേണ്ടതാണ്. എന്നാൽ വിളക്കുകൾ ഇൻസ്റ്റലേഷൻ നടത്താതെ തന്നെ മുഴുവൻ തുകയും ക്രൂസിന് കൈമാറി. ഓഡിറ്റ് എൻക്വയറി നം.15തീയതി. 16.07.2019 പ്രകാരം ഇതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നു എങ്കിലും ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെ വില നൽകിയതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സൂപ്പർവിഷൻ ചാർജ്ജ് സംബന്ധിച്ച വിവരം ലഭ്യമാകുന്നതിനുള്ള കാലതാമസമാണ് ഇൻസ്റ്റലേഷൻ വൈകാൻ കാരണം എന്ന് എക്സിറ്റ് മീറ്റിംഗ് വേളയിൽ സെക്രട്ടറി അറിയിച്ചു. ഇലക്ട്രിക് ഉപകരണങ്ങൾ നിശ്ചിത ഗാരന്റിപിരീഡ് ഉള്ളവ ആകയാൽ എത്രയും വേഗം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഓൺലൈൻ പോർട്ടൽ വഴി കമ്പ്യൂട്ടർവാങ്ങൽ - നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായില്ല.

പഞ്ചായത്ത് നടപ്പു സാമ്പത്തിക വർഷം താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം കമ്പ്യൂട്ടർ വാങ്ങലിനായി ചെലവുനടത്തിയിട്ടുണ്ട്.

| ക്രമനം. | പ്രോജക്ട്നം.&പേര് | തുക | ചെലവു വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| | പ്രോജക്ട്നം197/19 | | | |

| | | | | |
|---|---|---|---|---|
| 1 | പ്രോജക്ട്നം.0197/19<br><br>ഗ്രാമ പഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലും അനുബന്ധഉപകരണങ്ങൾ വാങ്ങൽ. | 199528 | Chq.no.0769375 dt.29-03-2019 | സെക്രട്ടറി |
| 2 | പ്രോജക്ട്നം.121/19/19<br><br>ആയുർവേദാശുപത്രിക്ക്കമ്പ്യൂട്ടർ വാങ്ങൽ | 52320 | Bill.no.3/18-19 dt.22-03-2019 | മെഡിക്കൽ ഓഫീസർ<br><br>ആയുർവേദം |
| 3 | പ്രോജക്ട്നം.119/19<br><br>മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ | 58431 | 13/18-19 dt.25-03-2019 | വെറ്ററിനറി സർജൻ |

മേൽ പ്രോജക്ടുകൾ പ്രകാരം നൽകിയ തുക ഐ.റ്റിമിഷന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 17.07.2019 ൽ എൻക്വയറി നം.22 പ്രകാരം തത് സ്ഥിതി ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ സർക്കാർ ഉത്തരവ് 25/2018/ITD/01.02.2018 പ്രകാരമാണ് ചെലവ് നടത്തിയത് എന്നും നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായില്ല എന്നും അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവുതുക 310279/- രൂപ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 തെരുവു വിളക്ക് അറ്റകുറ്റപണി -അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 11/19 |
| അടങ്കൽ | 7,00,000/-<br>(തനത് ഫണ്ട്) |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 237500/-രൂപ<br>ചെക്ക്.നം.903 dt.11-1-19. 58300/- രൂ.<br>" 15320 dt.5-2-19. 88800/- രൂ.<br>" 769361 dt.7-3-19. 90400/- രൂ. |

അടാട്ട് മാതൃകയിലാണ് പദ്ധതി നടപ്പിലാക്കിയത്. തെരുവു വിളക്ക് അറ്റകുറ്റപ്പണികൾക്കായി ക്വട്ടേഷൻ ക്ഷണിച്ച് പോസ്റ്റ് ഒന്നിന് 100/- രൂപ ക്വോട്ട് ചെയ്ത ശ്രീ.രാജേഷ്, ശ്രീ.രാധാകൃഷ്ണപിള്ള എന്നിവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും 19/12/2018 മുതൽ 12/19 വരെയുള്ള കാലയളവിലേക്ക് ഇവരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. തെരുവു വിളക്ക് ഉപകരണങ്ങൾ മറ്റൊരു പ്രോജക്ട് (പ്രോജക്ട് നം.196/19) പ്രകാരമാണ് വാങ്ങിയിട്ടുള്ളത്. ഇവയും ലാഡറും മറ്റും സൈറ്റിൽ എത്തിക്കുന്നതിന് പ്രതിദിനം 1400/- രൂപ നിരക്കിൽ വണ്ടി വാടകയ്ക്ക് എടുത്തിട്ടുണ്ട്. വണ്ടി വാടകയും അറ്റകുറ്റപണിക്കുള്ള കൂലിയും ഇനത്തിലാണ് 2,37,500/- രൂപ ചെലവഴിച്ചിട്ടുള്ളത്.

**പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ.**

**1.തെരുവുവിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് കൃത്യതയില്ല.**

ഓരോ വാർഡിലേയും തെരുവു വിളക്കുകളുടെ എണ്ണവും ഇനവും രേഖപ്പെടുത്തുന്ന പോസ്റ്റിന്റെ നമ്പർ സഹിതം ഒരു രജിസ്റ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ല. അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ അറ്റകുറ്റപ്പണിക്കായി വൻ തുക വകയിരുത്തുന്നത് യുക്തിസഹമല്ല.

2. 19-12-18, 20-12-18, 22-12-18 വരെയും, 29-12-18, 31-12-18, 1-1-2019, 2-1-2019, 4-1-2019, 5-1-2019 എന്നീ തീയതികളിലായി ആകെ 9 ദിവസം വണ്ടി ഓടിയതിന് 12600/- രൂപ കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 14000/- രൂപ നൽകി. അധികചെലവ് 1400/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

3. ഇലക്ട്രീഷൻമാരുടെ പുതുക്കിയ ലൈസൻസ് ഹാജരാക്കിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ 1986, 1989 വർഷങ്ങളിലേതാണ്. അപാകതകൾ പരിഹരിക്കേണ്ടതും അധിക ചെലവ് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-6 സാമൂഹ്യക്ഷേമ പെൻഷനുകൾ -സമയബന്ധിതമായി അനുവദിക്കുന്നതിന് ശ്രദ്ധചെലുത്തണം.

വിവിധ പെൻഷൻ അപേക്ഷകൾ ലഭിക്കുന്ന തീയതി, പരിശോധനാ ഉദ്യോഗസ്ഥനു കൈമാറുന്ന തീയതി, തിരികെ നൽകുന്ന തീയതി, അംഗീകരിക്കുന്ന/നിരസിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ അപേക്ഷകളുടെ സമയബന്ധിതമായ തീർപ്പ് പരിശോധിക്കുന്നതിന് ആവശ്യമാണെങ്കിലും ഇപ്രകാരം ഒരു രജിസ്റ്റർ ഓഡിറ്റ് കാലയളവിൽ സൂക്ഷിച്ചിട്ടില്ല. ലഭ്യമായ വിവരങ്ങൾ പ്രകാരം പെൻഷൻ അപേക്ഷകളിൽ വലിയകാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ രണ്ടാം നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം പൂർത്തിയായാലും സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുന്നതിന് വെബ്സൈറ്റ് തുറന്നു കിട്ടാത്തതിനാലാണ് താമസം ഉണ്ടാകുന്നത് എന്ന് അറിയിച്ചിരുന്നു. 22-5-2017ൽ സൈറ്റ് ക്ലോസ്ചെയ്തശേഷം 22-12-2018ൽ ആണ് സൈറ്റ് ഓപ്പൺ ആയത് എന്ന് മറുപടിയിൽ പറയുന്നു. എന്നാൽ ഇത് ശരിയല്ല. രജിസ്റ്റർ പ്രകാരം 4/18ൽ ലഭിച്ച വാർദ്ധക്യപെൻഷൻ അപേക്ഷകൾ ഗ്രാമസേവിക 15-01-2019ലാണ് തിരികെ നൽകിയിട്ടുള്ളത്. 22-12-2018ൽ സൈറ്റ് ഓപ്പൺ ആക്കിയപ്പോൾ അതിനുമുമ്പ് ലഭിച്ച അപേക്ഷകളിൽ തീർപ്പ് കല്പിക്കാത്തതിനാൽ ഡാറ്റാ എൻട്രി നടത്താൻ ആയില്ല. മറ്റ് അപേക്ഷകളും ലഭിച്ച തീയതിയും പെൻഷൻ അംഗീകരിച്ച തീയതിയും തമ്മിലും വലിയ വ്യത്യാസം കാണുന്നു.

വാർദ്ധക്യപെൻഷൻ സംബന്ധിച്ച് ഗ്രാമസേവകന് അപേക്ഷകൾ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, വ്യക്തമായ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തുന്നതിന് ഗ്രാമസേവകനു നിർദ്ദേശം നൽകുകയും ചെയ്തത് ഒഴിച്ചാൽ, ക്ഷേമകാര്യ കമ്മറ്റി നടപടിക്രമങ്ങൾ പൂർത്തിയായ അപേക്ഷകൾ അംഗീകരിച്ച നൽകുന്നതല്ലാതെ ലഭിക്കുന്ന അപേക്ഷകളുടെ തീർപ്പ് സംബന്ധിച്ച് ചർച്ച ചെയ്തതായി കാണുന്നില്ല

സേവനാവകാശ നിയമം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കുന്നു എന്ന് സെക്ഷൻ ചുമതലയുള്ള ജീവനക്കാരനും, സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പു വരുത്തേണ്ടതാണ്.

## 3-7 ലൈഫ് പദ്ധതി - അവലോകനം

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഇതിന്റെ രണ്ടാം ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. ഭൂമിയുള്ള ഭവന രഹിതരായ ജനറൽ, എസ്.സി വിഭാഗങ്ങളിൽപ്പെട്ടതും പഞ്ചായത്ത് നടത്തിയ സർവ്വേ പ്രകാരം അർഹരെന്ന് കണ്ടെത്തിയതുമായ ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം 4 ലക്ഷം രൂപ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്നു. 2018-19 ൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നല്കിയ വിവരങ്ങൾ (ഓഡിറ്റ് അന്വേഷണം നം.12/15.07.19) ചുവടെ ചേർക്കുന്നു.

1. ലൈഫ് പദ്ധതിക്കായി 2018-19 കാലയളവിൽ ആകെ ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ട്

| ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|

| | | | | |
|---|---|---|---|---|
| ധനകാര്യ വിശകലനം | ജനറൽ | എസ്.സി | ആകെ | |
| പദ്ധതി വിഹിതം | 3600000 | 1882044 | 5482044 | 5482044 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1619800 | 2745448 | 4365248 | 2257956 (ജനറൽ -1600000 +എസ്.സി-657956) |
| ജില്ലാ പഞ്ചായത്ത് വിഹിതം | 927627 | 562030 | 1489657 | 0 |
| ഹഡ്ക്കോ വായ്പ | | | 9418445 | 9060000 |

2. 2018-19 ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ - 118

പഞ്ചായത്തുമായി കരാറിൽഏർപ്പെട്ടവരുടെ എണ് ണം - 70

ജനറൽ, എസ്.സി വിഭാഗങ്ങളിലായി പൂർത്തീകരിച്ചവയുടെ എണ്ണം – 28

| ഭാഗികമായി മാത്രം പൂർത്തിയാക്കിയവ സംബന്ധിച്ച വിവരം | | | | | |
|---|---|---|---|---|---|
| ജനറൽ വിഭാഗം | | | എസ്.സി വിഭാഗം | | |
| ഗുണഭോക്താവിന്റെ പേര് | നിർമ്മാണ ഘട്ടം | നല്കിയിട്ടുള്ള തുക | ഗുണഭോക്താവിന്റെ പേര് | നിർമ്മാണ ഘട്ടം | നല്കിയിട്ടുള്ള തുക |
| പ്രീത,ചോതി നിവാസ് | മേൽക്കൂര പൂർത്തിയായി | 300000 | ഗോപിക, കുളത്തറയിൽ | മേൽക്കൂര പൂർത്തിയായി | 300000 |
| അമ്മിണി യോഹന്നാൻ | മേൽക്കൂര പൂർത്തിയായി | 300000 | സുരേന്ദ്രൻ, താമരശ്ശേരിൽ | ബേസ്മെന്റ് പൂർത്തിയായി | 200000 |
| ശ്രീകുമാരി, കൊച്ചു വീട്ടിൽ | മേൽക്കൂര പൂർത്തിയായി | 300000 | സരോജിനി.സി.കെ, താമരശ്ശേരിൽ | ബേസ്മെന്റ് പൂർത്തിയായി | 200000 |
| ഭവാനി പ്രഭാകരൻ, കല്ലുപ്പറമ്പിൽ | മേൽക്കൂര പൂർത്തിയായി | 300000 | അനിൽ കുമാർ, തേവിരേത്ത് | ലിന്റൽ പൂർത്തിയായി | 300000 |
| മിനി.എസ്.പിള്ള, പുത്തൂർ കിഴക്കേതിൽ | ലിന്റൽ പൂർത്തിയായി | 300000 | സോമൻ.വി, പുതുക്കാട്ടു കാലായിൽ | മേൽക്കൂര പൂർത്തിയായി | 300000 |
| വാസന്തി, അരുൺ ഭവനം | മേൽക്കൂര പൂർത്തിയായി | 300000 | അനിതാ സതീശൻ, കോട്ടാത്തറയിൽ | ബേസ്മെന്റ് പൂർത്തിയായി | 200000 |
| രത്നമ്മ സത്യൻ, അമ്പാടി | ലിന്റൽ പൂർത്തിയായി | 300000 | | | |
| ഓമന, ഓമന ഭവനം | ലിന്റൽ പൂർത്തിയായി | 300000 | | | |
| അമ്പിളി, തട്ടാരേത്ത് പുത്തൻവീട് | ബേസ്മെന്റ് പൂർത്തിയായി | 200000 | | | |
| ശ്യാമള ചന്ദ്രൻ, ചിറപ്പുറത്ത് ഷൈജു ഭവൻ | മേൽക്കൂര പൂർത്തിയായി | 300000 | | | |
| ആലീസ് മധു, | ലിന്റൽ | 300000 | | | |

| | | | | | |
|---|---|---|---|---|---|
| കണിയാംപടിയ്ക്കൽ വടക്കേതിൽ | പൂർത്തിയായി | | | | |
| രോഹിണി, ഇളങ്ങൂർ മാലിയിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |
| ശ്രീലതാ കുമാരി, കൊച്ചുവീട്ടിൽ കിഴക്കതിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |
| സീന ഷിനു, മേലേമുറി വടക്കേതിൽ | മേൽക്കൂര പൂർത്തിയായി | 300000 | | | |
| ജോളി ഉമ്മൻ, പുന്നമൂട് | മേൽക്കൂര പൂർത്തിയായി | 300000 | | | |
| വൽസമ്മ, ചരിവു പറമ്പിൽ | മേൽക്കൂര പൂർത്തിയായി | 300000 | | | |
| പ്രസാദ് കുമാർ, കുടത്തിങ്കൽ | ലിന്റൽ പൂർത്തിയായി | 200000 | | | |
| മാമ്മൻ കോശി, പരിയാരത്ത് | മേൽക്കൂര പൂർത്തിയായി | 260000 | | | |
| അന്നമ്മ, കോളൂത്തറയിൽ | മേൽക്കൂര പൂർത്തിയായി | 300000 | | | |
| ജയശ്രീ, കുലേക്കുന്നിൽ | മേൽക്കൂര പൂർത്തിയായി | 300000 | | | |
| പീതാംബരൻ ആചാരി, കരിച്ചിട്ടയിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |
| രമണിയമ്മ, പിരളശ്ശേരിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |
| റെജീന, കിഴക്കേവീട്ടിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |
| ജോർജ്ജ്.ടി.വി, തട്ടയ്ക്കാട്ടയ്യത്ത് | മേൽക്കൂര പൂർത്തിയായി | 300000 | | | |
| നളിനി, തെക്കേടത്ത് | ലിന്റൽ പൂർത്തിയായി | 300000 | | | |
| അനിൽ കുമാർ, ചിറയിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |
| അംബികാ ദേവി, വെള്ളാമ്പള്ളിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |
| അംബികാ ദേവി, പുത്തരിച്ചേത്ത് | ലിന്റൽ പൂർത്തിയായി | 300000 | | | |
| ഷീജാ ഖാദർ, കുളത്തിന്റെ കിഴക്കേതിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |

| | | | | | |
|---|---|---|---|---|---|
| സരസമ്മ, പഴഞ്ഞിതെക്കേതിൽ | ലിന്റൽ പൂർത്തിയായി | 200000 | | | |
| ജാസ്മിൻ, വരിക്കോലിൽ തെക്കേതിൽ | ലിന്റൽ പൂർത്തിയായി | 300000 | | | |
| ശ്യാമളാമ്മ, നെടിയത്ത് ഇടയ്ക്കേപുര | മേൽക്കൂര പൂർത്തിയായി | 300000 | | | |
| മണിയമ്മ.എൻ.സി, മാധവം | ലിന്റൽ പൂർത്തിയായി | 200000 | | | |
| ഓമനയമ്മ രാമചന്ദൻ നായർ, വാരാപ്പുഴ ലക്ഷം വീട് | ലിന്റൽ പൂർത്തിയായി | 300000 | | | |

3. മാർഗ്ഗ രേഖ ലംഘിച്ച് ഭവന നിർമ്മാണം

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.34/2018/ ത.സ്വ.ഭ.വ തീ.16.03.2018 പ്രകാരം 400 ചതുരശ്ര അടി (37.16 ച.മീറ്റർ) തറ വിസ്തീർണ്ണമുള്ള ഭവനമാണ് ലൈഫ് പദ്ധതിയിൽ നിർമ്മിക്കേണ്ടത്. ജനറൽ വിഭാഗത്തിൽപ്പെട്ട സി.പി.സോമൻ-ചൂരമുട്ടത്ത്, സതിയമ്മ – മലയിൽ അജിത്ത് ഭവനം എന്നീ രണ്ടു ഗുണഭോക്താക്കൾ ആദ്യ ഗഡുവായ 40,000/- രൂപ കൈപ്പറ്റിയശേഷം അടിത്തറ നിർമ്മാണം പൂർത്തിയായി എന്ന് പഞ്ചായത്തിൽ അറിയിച്ചതനുസരിച്ച് സ്ഥല പരിശോധന നടത്തിയതിൽ 600ചതുരശ്ര അടിയ്ക്കുമുകളിൽ ഫൗണ്ടേഷൻ നിർമ്മിച്ച് വാർപ്പ ഘട്ടം വരെ എത്തിയതായി വ്യക്തമായി. മാർഗ്ഗ രേഖയ്ക്കു വിരുദ്ധമായ നിർമ്മാണമായതിനാൽ തുടർനടപടികൾ സ്വീകരിയ്ക്കുന്നതിന് സെക്രട്ടറിയ്ക്ക് റിപ്പോർട്ടു നല്കിയിട്ടുണ്ട് .

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുവാനുള്ളവർക്ക് അർഹമായ എല്ലാ സഹായങ്ങളും ചെയ്ത് സമയബന്ധിതമായി പദ്ധതി ലക്ഷ്യം കൈവരിയ്ക്കേണ്ടതാണ്.

## 3-8 ജനപ്രതിനിധികളുടെ യാത്രാബത്ത.രണ്ടുവർഷം മുമ്പുള്ളയാത്രകൾക്കു തുക നൽകി.

KSR വോള്യം.1, ചട്ടം 5(a) പ്രകാരം യാത്രാബത്ത അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനകം ബിൽ സമർപ്പിച്ച് തുക മാറാത്തപക്ഷം സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ പ്രസ്തുത തുക പിൻവലിക്കാൻ സാധിക്കുകയുള്ളൂ. ജനുവരി 2016, ഫെബ്രുവരി 2016 മാസങ്ങളിലെ ജനപ്രതിനിധികളുടെ യാത്രാബത്ത ഇനത്തിൽ 6787/- (4800+1987) രൂപ പിൻവലിച്ചിട്ടുള്ളത് 20-04-2018 ൽ ആണ്. നിർദ്ദിഷ്ട സമയപരിധിക്കു ശേഷമാണ് ഇവർ യാത്രാഡയറികൾ സമർപ്പിച്ചിട്ടുള്ളത് എന്നു മാത്രമല്ല പ്രസ്തുത യാത്ര ഡയറികളിൽ ഉപയോഗിച്ച യാത്രാമാർഗ്ഗമോ, അതു സംബന്ധിച്ച സർട്ടിഫിക്കറ്റോ ഉൾപ്പെടുത്തിയിട്ടില്ല എന്നും കാണുന്നു. തന്മൂലം യാത്രാബത്തയിനത്തിൽ പിൻവലിച്ച തുക സംബന്ധിച്ച കൃത്യത നിർണ്ണയിക്കാൻ സാധിക്കുന്നില്ല. നിർദ്ദിഷ്ടകാലപരിധിക്കുശേഷം പിൻവലിച്ച തുകയ്ക്ക് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം തുക കൈപ്പറ്റിയവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-9 ഹരിത കർമ്മ സേന - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ ഹരിതകർമ്മ സേന പ്രവർത്തനം (S010/18-19) പദ്ധതിയിൽ

ഹരിതസേനാംഗങ്ങൾക്ക് യൂണിഫോം നൽകലിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ 30 വനിതകൾക്ക് യൂണിഫോം വാങ്ങുന്നതിനും തയ്ക്കുന്നതിനുമായി ആകെ 72935/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം.32/18-19 തീ .8.3.2019 തുക 27205/-

ബിൽ നം.39/18-19 തീ.15.3.19 തുക 45730/-

ഹരിതകർമ്മ സേനാംഗങ്ങളിലെ തെരഞ്ഞെടുത്തതിന്റെ വിവരങ്ങൾ, അംഗങ്ങൾ ആരെല്ലാം, വീടുകളിൽ നിന്ന് യൂസർ ഫീ ഈടാക്കിയതിന്റെ വിവരം, ഇവ ഹാജരാക്കുന്നതിന് എൻക്വയറി നം.15 തീ.16.7.2019 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭിച്ചില്ല. ചെലവഴിച്ച തുകയിൽ 54410/- രൂപ 30 യൂണിറ്റംഗങ്ങൾക്ക് രണ്ട് ജോടി യൂണിഫോമിന്റെ തുണിക്കായി (ചുരിദാർ തുണി – 320 പീസ്, ഓവർകോട്ട് – 130 പീസ്, സാരി/ബ്ലൗസ് – 2 എന്നിവയ്ക്ക്) രേവതി ടെക് സ്റ്റയിൽസ് എന്ന സ്ഥാപനത്തിന് നൽകിയതാണ്. ഇത് രണ്ട് ജോഡി യൂണിഫോമിനുള്ള തുണിയാണെന്നാണ് രേവതി ടെക് സ്റ്റയിസിന്റെ ഇൻവോയിസിലെ വിശദാംശങ്ങളിൽ നിന്നും മനസ്സിലാകുന്നത്. പ്രസ്തുത യൂണിഫോം തയ്പിക്കുന്നതിന് 18525/- രൂപ സാന്ത്വനം കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ സാന്ത്വനം കുടുംബശ്രീ യൂണിറ്റിന്റെ കത്തുപ്രകാരം തയ്ച്ച് നൽകിയത് 1 ജോഡി യൂണിഫോം മാത്രമാണെന്ന് വ്യക്തമാകുന്നു.

പൊതുപണം പിൻവലിച്ചത് ഫലപ്രദമായി വിനിയോഗിക്കപ്പെട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തയ്ച്ച് ലഭിച്ച യൂണിഫോമുകൾ സ്റ്റോക്കിലെടുത്ത് താമസംവിനാ വിതരണം ചെയ്യേണ്ടതാണ്. രണ്ടമാത്തെ ജോഡിക്കായി പിൻവലിച്ച തുക വിനിയോഗിക്കപ്പെട്ടോ എന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും ഇല്ലെങ്കിൽ ചെലവു തുക തിരികെ ഒടുക്കേണ്ടതുമാണ്. തയ്ച്ച് ലഭിക്കുന്ന യൂണിഫോം സ്റ്റോക്കിലെടുത്തശേഷം മാത്രം തയ്യൽകൂലി നൽകേണ്ടതാണ്. വരും വർഷങ്ങളിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും ഗവ.ഉത്തരവുകൾ കൃത്യമായി പാലിച്ച് കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും സർക്കാർ ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയിലേക്ക് സംരംഭത്തെ എത്തിക്കേണ്ടതുമാണ്.

## 3-10 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം.പ്രോജക്ട് നം..22/2019. അപാകതകൾ

ഗ്രാമ പഞ്ചായത്തിന് കൈമാറികിട്ടിയ സ്കൂളുകളായ ചെറിയനാട് ജെ.ബി.എസ്, ചെറുവല്ലൂർ ജെ.ബി.എസ് എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കായി താഴെപറയും പ്രകാരം ചെലവു നടത്തി.

ചെലവു വിവരം

| ക്രമനം. | ബിൽനം.തീയതി | തുക |
|---|---|---|
| 1 | bill.no.2.18-19 dt31-8-2018- | 44800/- |
| 2 | bill.no.3/18-19 dt-27-9-2018 | 56700 |
| 3 | bill.no.4/18-19 dt-15-10-2018 | 80850 |
| 4 | bill.no.5/18-19 dt-19-12-2018 | 157850 |
| 5 | bill.no.6/18-19 dt-15-1-2019 | 54950 |
| 6 | bill.no.7/.18-19 dt 25-3-2019 | 75950 |
| 7 | bill.no.12.18-19 dt 25-3-2019 | 28900 |
| 8 | ചെക്ക്നം. | 47050 |

| | | |
|---|---|---|
| | 769372 dt.21-3-2019 | |
| 9 | ചെക്ക്നം. 769372 dt.28-3-2019 | 74200 |
| | ആകെ | 621250 |

പ്രോജക്റ്റ് പ്രകാരം ഒരു കുട്ടിക്ക് പതിനഞ്ചു രൂപയിൽ അധികരിക്കാത്ത നിരക്കിൽ പ്രഭാതഭക്ഷണം നൽകുന്നതിനാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.സാന്ത്വനം കുടുംബശ്രീ, ദുർഗ്ഗകുടുംബശ്രീ എന്നീ ഗ്രൂപ്പുകൾ ഒരു കുട്ടിയ്ക്ക് 15/- രൂപ നിരക്കിൽ പ്രഭാതഭക്ഷണം നൽകാമെന്ന് കരാർ വച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അനേകം കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടെങ്കിലും ഈ രണ്ടു യൂണിറ്റുകളെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തതിന് കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് കമ്മറ്റി തീരുമാനമോ, കുടുംശ്രീയുടെ തീരുമാനമോ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനമോ ഇള ഇല്ല.

2. 15/- രൂപ നിരക്കിൽ അധികരിക്കാതെ ഭക്ഷണ ചെലവ് നടത്താനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കരാർ വച്ച കുടുംബശ്രീ യൂണിറ്റുകൾ 15/- രൂപ നിരക്കിലാണ് ഭക്ഷണം നൽകാമെന്ന് സമ്മതിച്ചിട്ടുള്ളത്. ഇതിലും കുറഞ്ഞ നിരക്കിൽ ഭക്ഷണവിതരണം സാധ്യമാണോ എന്ന് കണ്ടെത്താനുള്ള ശ്രമം നടന്നില്ല.

3.ചെറിയനാട് ജെ.ബി.എസ്സിലെ 175 കുട്ടികളും, ചെറുവല്ലൂർ ജെ.ബി.എസ്സിലെ 50 കുട്ടികളേയും ഉൾപ്പെടുത്തിയാണ് ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കിയത്. എന്നാൽ ഓരോ ദിവസവും എത്ര കുട്ടികൾ ഭക്ഷണം കഴിക്കുന്നു എന്നത് സംബന്ധിച്ച് വിവരം സൂക്ഷിച്ചിട്ടില്ല. കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ഭക്ഷണ ചെലവു കണക്കാക്കുന്നതിന് അനിവാര്യമായിരുന്നു.

4.ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ഈ പ്രോജക്റ്റിന് ഭരണാനുമതി നൽകിയതല്ലാതെ പദ്ധതി നിർവ്വഹണത്തിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ല. കമ്മറ്റി സ്കൂളിൽ സന്ദർശനം നടത്തുകയും പദ്ധതി വിലയിരുത്തുകയും ചെയ്തതായി കാണുന്നില്ല.

5.പരിശോധനക്കു ഹാജരാക്കിയ രേഖകൾ പ്രകാരം മുഴുവൻ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകിയതായി കണക്കാക്കിയാൽ പോലും അധിക ചെലവു സംഭവിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാസം | കുട്ടികളുടെ എണ്ണം | ദിവസം | നൽകിയതുക | നൽകാവുന്ന തുക | അധികം | തുക കൈപ്പറ്റിയത്. |
|---|---|---|---|---|---|---|---|---|
| 1 | ചെറിയനാട് JBS | ജൂലൈ | 175 | 16 | 44800 | 175x15x16=42000 | 2800 | സ്വാന്തനം കുടുംബശ്രീ |
| 2 | ചെറിയനാട് JBS | ആഗസ്റ്റ് | 175 | 9 | 25200 | 23625 | 1575 | ,, |
| 3 | ചെറുവല്ലൂർ JBS | ജൂലൈ, ആഗസ്റ്റ് | 50 | 30 | 31500 | 22500 | 9000 | ദുർഗ്ഗ കുടുംബശ്രീ |
| 4 | ചെറിയനാട് JBS | സെപ്റ്റംബർ | 175 | 21 | 58800 | 55125 | 3675 | സ്വാന്തനം കുടുംബശ്രീ |
| 5 | ചെറുവല്ലൂർ JBS | സെപ്റ്റംബർ | 50 | 21 | 22050 | 15750 | 6300 | ദുർഗ്ഗ കുടുംബശ്രീ |
| 6 | ചെറിയനാട് JBS | ഒക്ടോബർ നവംബർ | 175 | 41 | 114800 | 107625 | 7175 | സ്വാന്തനം കുടുംബശ്രീ |
| 7 | ചെറുവല്ലൂർ JBS | ഒക്ടോബർ നവംബർ | 50 | 41 | 43050 | 30750 | 12300 | ദുർഗ്ഗ കുടുംബശ്രീ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | ചെറിയനാട് JBS | ഡിസംബർ | 175 | 14 | 39200 | 36750 | 2450 | സ്വാന്തനം കുടുംബശ്രീ |
| 9 | ചെറുവല്ലൂർ JBS | ഡിസംബർ | 50 | 15 | 15750 | 11250 | 4500 | ദുർഗ്ഗ കുടുംബശ്രീ |
| 10 | ചെറിയനാട് JBS | ജനവരി | 175 | 20 | 56000 | 52500 | 3500 | സ്വാന്തനം കുടുംബശ്രീ |
| 11 | ചെറുവല്ലൂർ JBS | ജനവരി | 50 | 19 | 19950 | 14250 | 5700 | ദുർഗ്ഗ കുടുംബശ്രീ |
| 12 | ചെറിയനാട് JBS | ഫെബ്രുവരി | 175 | 20 | 56000 | 52500 | 3500 | സ്വാന്തനം കുടുംബശ്രീ |
| 13 | ചെറുവല്ലൂർ JBS | ഫെബ്രുവരി | 50 | 19 | 19950 | 14250 | 5700 | ദുർഗ്ഗ കുടുംബശ്രീ |
| 14 | ചെറിയനാട് JBS | മാർച്ച് | 175 | 19 | 53200 | 49875 | 3325 | സ്വാന്തനം കുടുംബശ്രീ |
| 15 | ചെറുവല്ലൂർ JBS | മാർച്ച് | 50 | 20 | 21000 | 15000 | 6000 | ദുർഗ്ഗ കുടുംബശ്രീ |
| | ആകെ | | | | 6,21,250 | 5,43,750 | 77,500 | |

അംഗീകൃത പദ്ധതിയിലും, കരാർ നിബന്ധനകൾ പ്രകാരമുള്ളതിലും അധികരിച്ച ചെലവ് അതാത് കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി തീരുന്നതാണ്. പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച നിരക്ക്/കുറഞ്ഞ നിരക്കിൽ നിർവ്വഹണം നടത്താൻ സന്നദ്ധരായ ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത് സുതാര്യമായ രീതിയിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് ഉണ്ടാവേണ്ടതാണ്.

## 3-11 പി.എച്ച്.സി. യിലേക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ഭാഗികമായി മാത്രം ലഭിച്ചു

പ്രോജക്ട് നം.S0052/19

ചെലവ് :400000/-

ബില്ല് നം.3/18-19/16-01-2019

മെഡിക്കൽ ആഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ ബില്ല് നമ്പർ 3/18-19/16-01-2019 പ്രകാരം 400000/- രൂപ സബ് ട്രഷറി, ചെങ്ങന്നൂർ നിന്ന് പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകി. താഴെ പറയുന്ന പ്രകാരം വില വരുന്ന മരുന്നുകൾ ലഭിച്ചിട്ടുണ്ട്.

| ഇൻവോയിസ് നമ്പർ/തീയതി | ലഭിച്ച മരുന്ന് തുക(രൂപ) |
|---|---|
| 1759/13-05-2019 | 81511 |
| 298/09-04-2019 | 55311 |
| 1761/13-05-2019 | 133256 |
| ആകെ | 270078 |

129922/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ആയ്യുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ഭാഗികമായി മാത്രം ലഭിച്ചു

ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം.117/19 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ബിൽ നം.1/19 തീ.16.10.18 പ്രകാരം 3,00,000/- രൂപയും, പ്രോജക്ട് നം.118/19 സ്ത്രീകളുടെ സമഗ്ര ആരോഗ്യപദ്ധതി എന്ന പ്രോജക്ടിനായി ബിൽ നം.2/19 തീ.16.10.18 പ്രകാരം 1,50,000/- രൂപയും പിൻവലിച്ച് ഔഷധിയ്ക്ക് നൽകിയിരുന്നു. എന്നാൽ താഴെ പറയും പ്രകാരം 328095/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ.

| ഇൻവോയിസ് നമ്പർ/തീയതി | ലഭിച്ച മരുന്ന് തുക(രൂപ) |
|---|---|
| 15.11.18/90088858 | 74670 |
| 18.1.19/90096278 | 83388 |
| 23.3.19/90105054 | 22875 |
| 6.4.19/90108183 | 29531 |
| 10.4.19/90110452 | 26405 |
| 15.11.18/90088857 | 35785 |
| 18.1.19/90096226 | 35989 |
| 6.4.19/90108219 | 7054 |
| 10.4.19/90112105 | 365 |
| 10.4.19/90110504 | 12033 |
| ആകെ | 328095 |

121905/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജ് സെന്ററിന് (IRTC) മുൻകൂർ നൽകിയ തുക – പൂർത്തീകരണം നിരീക്ഷിക്കപ്പെടേണ്ടതാണ്

മെറ്റീരിയൽ കളക്ഷൻ സെൻറർ സ്ഥാപിക്കുന്നതിനും സമഗ്ര ശുചിത്വ പരിപാടിയിൽ ഉൾപ്പെടുത്തി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി ചുവടെ ചേർക്കും പ്രകാരം എസ്റ്റിമേറ്റിന്റെ 20 ശതമാനം തുക അസി.എഞ്ചിനീയർ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ IRTC യ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമാകുന്നത് വരെ മുൻകൂറായി നൽകിയ 302464/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളും പൂർത്തീകരണത്തിലും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക/ വൗച്ചർ നമ്പർ/ചെക്ക് നം. |
|---|---|---|
| മെറ്റീരിയൽ കളക്ഷൻ സെൻറർ സ്ഥാപിക്കൽ | എസ്186/2019 സംസ്ഥാനവിഷ്കൃത ഫണ്ട് | (1)ചെക്ക് നമ്പർ - 15357/21.2.19- 1632/- രൂപ<br>(2)15364/27.2.19-163200/- IRTC യ്ക്കുള്ള തുക<br>(3)15365/27.2.19 – 1632/- നിർമ്മാണ തൊഴിലാളി ക്ഷേമനിധി |

| | | |
|---|---|---|
| | | വിഹിതം |
| സമഗ്ര ശുചിത്വ പരിപാടി | എസ്151/2019ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ആകെ – 166464/-രൂപ 136000/-<br>ബിൽ നമ്പർ 32/12.3.19 |
| | ഒട്ടാകെ | 302464/- രൂപ |

# 3-14 ധനകാര്യകമ്മീഷൻ ഗ്രാന്റ് - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചു

സ.ഉ.(കൈ) നം.11/18 തസ്വഭവ. തീ.29.1.18 ഖണ്ഡിക 6-6 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ, ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം, മലിനജല നിർഗ്ഗമനം, ഖരമാലിന്യ പരിപാലനം, ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും റോഡുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും, തെരുവ് വിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും ശ്മശാനങ്ങൾ സ്ഥാപിക്കലും മെയിന്റനൻസും എന്നിവയ്ക്കായി മാത്രമാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടികൾക്ക് ഫർണീച്ചർ, പാചകപാത്രം, ഗ്യാസ് സ്റ്റൌ (S0031/18) അങ്കണവാടി സ്മാർട്ട് ക്ലാസ്സ് റൂം (S0034/18) എന്നീ പ്രോജക്ടുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ട് വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 17/16.7.19 ന് താഴെ പറയും പ്രകാരം മറുപടി നൽകിയിരുന്നു. കേരള പഞ്ചായത്ത് രാജ് നിയമം166-ാം വകുപ്പ് സി മേഖലാടിസ്ഥാനത്തിലുള്ള ചുമതല 13(1) അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ് ആയത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണ് ആയതിലേക്ക് ആവശ്യമായ തുടർ സേവനം ആസ്തി രൂപീകരണവും നടത്തേണ്ടതും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ കാര്യവുമാണെന്നും ആയതിനാൽ കെട്ടിട നിർമ്മാണം മാത്രമല്ല സ.ഉ.(കൈ) നം.11/18 തസ്വഭവ. തീ.29.1.18 ഖണ്ഡിക 6-6 ൽ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം എന്ന് വ്യക്തമായി പറയുന്നുവെന്നും ചെറിയനാട് ഗ്രാമപഞ്ചായത്തിൽ 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ 8 അങ്കണവാടിയിൽ പ്രളയം ബാധിച്ച് ഫർണിച്ചർ ഉൾപ്പെടെയുള്ള മൂവബിൾ ആസ്തികൾ നശിച്ച് പോയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് സി മേഖലാടിസ്ഥാനത്തിലുള്ള ചുമതല18(1) പ്രകാരം പ്രകൃതിക്ഷോഭം മൂലം ആസ്തിക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്നും ടി വകുപ്പുകളുടെ അടിസ്ഥാനത്തിലാണ് ആസ്തി ആർജ്ജിക്കൽ എന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്നുമാണ്. മേൽ മറുപടിയിൽ വിശദീകരിക്കും പ്രകാരമുള്ള പഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിച്ചതിനല്ല ഓഡിറ്റ് വിശദീകരണം തേടിയത്, മറിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ളവയ്ക്കല്ലാതെ ചെലവഴിച്ചതിനാണ്. പ്രോജക്ടുകൾക്കായി ഫണ്ടുകൾ വകയിരുത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 ഡെപ്പോസിറ്റ് വർക്ക് - സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളുടെ ഡെപ്പോസിറ്റ് തുക സാമ്പത്തിക വർഷം അവസാനം നൽകുന്നതിനാൽ പ്രോജക്ടുകൾ അതാതു വർഷം നിർവ്വഹണം നടത്താൻ കഴിയുന്നില്ലെന്നും ഇതൊഴിവാക്കുന്നതിനായി നവംബർ 30 അകം നിർവ്വഹണ എജൻസിക്ക് തുക നൽകണമെന്ന് തദ്ദേശസ്വയംഭരണ ഡി.എ. വകുപ്പിന്റെ 21.11.18 ലെ 1/798/2018 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഡെപ്പോസിറ്റ് വർക്കുകൾക്കായുള്ള തുകയെല്ലാം സാമ്പത്തിക വർഷം അവസാനത്തോടെയാണ് നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ളത്. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനായി സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. പൂർത്തീകരണ വിവരത്തിന്റെ അഭാവത്തിൽ 1537979/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക/ബിൽ നം. /തീയതി | നിർവ്വഹണം | റിമാർക്സ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എസ്13/ 2019 [അടങ്കൽ - 807432/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് )] | ബിൽ നമ്പർ 16/18-19 19.11.18 – 807432/- | സെക്രട്ടറി | പദ്ധതി പൂർത്തിയായി ധനവിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |
| കെ.ഡബ്ല്യു.എ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എസ്133/2019 | ബിൽ നം.36/8.3.19 168500/- | സെക്രട്ടറി | ധനവിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |
| കെ.ഡബ്ല്യു.എ | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ SO042/18 [അടങ്കൽ - 200000/- (വികസനഫണ്ട് )] | ബിൽ നമ്പ്ര - 15/18-19 തീ. 28.3.19 – 55000/- (സെന്റേജ് ചാർജ്ജ് ) ബിൽ നമ്പ്ര - 17/18-19 തീ. 28.3.19 – 77000/- | അസി.സെക്രട്ടറി | കുളഞ്ഞിത്തറ കോളനിയിൽ ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനും 2017-18 വർഷത്തെ ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടിന്റെ സെന്റേജ് ചാർജ്ജ് അടവാക്കുന്നതിനുമായി 132000/- രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തികരിച്ച് മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 24/17.7.19 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | ഗ്രാമപഞ്ചായത്തിലെ 38, 40,43,50,52 എന്നീ അങ്കണവാടികളിൽ കുടിവെള്ള കണക്ഷൻ പ്രോജക്ട് നമ്പർ - SO203/19 അടങ്കൽ - 150000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ചെലവ് - ബിൽ നമ്പർ - 8/23.1.19 – 140000/- | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 140000/- രൂപ ബിൽ നം. 8/23.1.19 പ്രകാരം പിൻവലിച്ച് വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ചെറിയനാട് ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | | സെക്രട്ടറിയും വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി 6.3.19 ൽ ഏർപ്പെട്ട KWA/PHA/D4/165/18 നമ്പർ കരാർ പ്രാകാരം തുക കൈപ്പറ്റി 6 മാസത്തിനകം പണി ആരംഭിച്ച് പൂർത്തീകരിക്കുന്നതാണ്. എന്നാൽ തുക കൈപ്പറ്റി 6 മാസം കഴിഞ്ഞുവെങ്കിലും പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തികരിച്ച് മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 19/16.7.19 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | അപായകരമായ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>S006/19അടങ്കൽ - 300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ബിൽ നമ്പർ 23/18-19 – 10.1.19- 64805/-<br>ബിൽ നമ്പർ<br>24/18-19 – 10.1.19- 50000/-<br>ബിൽ നമ്പർ<br>17/18-19 –19.11.18<br>- 105500/-<br>ബിൽ നമ്പർ<br>30/18-19 –23.2.19 – 44000/-<br>ബിൽ നമ്പർ<br>42/18-19 –20.3.19<br>- 25742 | സെക്രട്ടറി | പദ്ധതി പൂർത്തിയായി ധനവിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |
| | ആകെ | 1537979 | | |

## 3-16 അങ്കണവാടിയിൽ സ്മാർട്ട് ക്ലാസ്സ് റൂം - സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി

പ്രോജക്ട് നമ്പർ - S0034/19

അടങ്കൽ - 150000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - ബിൽ നമ്പർ - 9/15.3.19 – 147500/-

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ചെറിയനാട് ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്ക് ഇൻഫർമേഷൻ ടെക്നോളജിയെ പറ്റി പ്രാഥമിക വിവരം നൽകുന്നതിന് ഗ്രാമപഞ്ചായത്തിലെ അനുയോജ്യമായതും സാങ്കേതിക പരിചയമുള്ള അദ്ധ്യാപകൻ ഉള്ള സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിന് ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. ഇത് പ്രകാരം ടെൻഡർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെ.എം.ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്ന് പ്രൊജക്ടറും അനുബന്ധ സാധനങ്ങളും വാങ്ങി ഗ്രാമപഞ്ചായത്തിലെ 46-ാം നമ്പർ അംഗൻവാടിയിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത ഉണ്ട്. അപാകതകൾക്ക് 16/16.7.19 നമ്പർ ഓഡിറ്റ് അന്വേഷണം നൽകുകയും ആയതിന് മറുപടി ലഭ്യമാക്കിയിട്ടുമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊക്വയർമെന്റ് കമ്മറ്റിയുടെ 9.10.18 ലെ 3-ാം നമ്പർ തീരുമാനത്തിൽ അംഗനവാടികൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം എന്ന പദ്ധതി പ്രകാരം നിലവിൽ IKM, IT മിഷൻ എന്നിവ സ്പെസിഫിക്കേഷൻ നൽകിയിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ IKM, IT മിഷൻ എന്നീ സ്ഥാപനങ്ങളോട് പ്രോജക്ടിനായുള്ള സ്പെസിഫിക്കേഷൻ ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടതിനെ സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ടി സ്ഥാപനങ്ങളുടെ വെബ്സൈറ്റ് പരിശോധിച്ചിരുന്നുവെങ്കിലും സ്മാർട്ട് ക്ലാസ്സ് റൂമെന്നതിന് വ്യക്തമായ സ്പെസിഫിക്കേഷൻ ലഭിച്ചിരുന്നില്ലന്നാണ് മറുപടി ലഭ്യമാക്കിയത്. കൂടാതെ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ 9.10.18 ലെ 3-ാം നമ്പർ തീരുമാനത്തിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്പെസിഫിക്കേഷൻ ചർച്ച ചെയ്ത് അംഗനവാടിക്ക് അനുയോജ്യമായതും നിലവിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി വാങ്ങുവാൻ കഴിയുന്ന സ്പെസിഫിക്കേഷൻ അംഗീകരിച്ച് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അങ്കണവാടിയിൽ സ്മാർട്ട് റൂം സജ്ജീകരിക്കുന്നതിന് അനുയോജ്യമായതും ആവശ്യമായതുമായ ഉപകരണങ്ങളും അവയുടെ സ്പെസിഫിക്കേഷനും വിഷയവുമായി ബന്ധപ്പെട്ട വിദഗ്ധരുടെ അഭാവത്തിൽ എപ്രകാരം നിർണ്ണയിച്ചുവെന്നത് വ്യക്തമല്ല. കൂടാതെ ഈ വിഷയത്തിൽ സർക്കാരിന്റെ ഐ.റ്റി. വകുപ്പിനോട് പ്രോജക്ടിന് ആവശ്യമാകുന്ന ഉപകരണങ്ങളെയും അവയുടെ സ്പെസിഫിക്കേഷനേയും സംബന്ധിച്ച് യാതൊരു സ്പഷ്ടീകരണവും ഗ്രാമപഞ്ചായത്ത് ആരാഞ്ഞിട്ടില്ല. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂളുകളിലും ഓഫീസുകളിലും വിന്യസിക്കുന്നതിനാവശ്യമായ ഐ.ടി. ഹാർഡ്വെയർ സാധനങ്ങൾ വാങ്ങുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ.(സാധാ)98/18 പൊ.വി.വ. തീ. 6.1.18 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾ നടത്തുമ്പോൾ പോലും ഒരു സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനാവശ്യമായ മൾട്ടി മീഡിയ പ്രൊജക്ടറിന് ടാക്സ് ഉൾപ്പെടെ 23860/- രൂപയും പ്രൊജക്ടർ സീലിങ് മൌണ്ടിങ് കിറ്റിന് ടാക്സ് ഉൾപ്പെടെ 4990/- രൂപയും വൈറ്റ് ബോർഡിന് ടാക്സ് ഉൾപ്പെടെ 7990/- രൂപയും മാത്രം ചെലവഴിക്കാൻ അനുമതി ഉള്ളപ്പോൾ അംഗനവാടിയിലേക്ക് മേൽ ഉപകരണങ്ങൾക്കായി യഥാക്രമം 90999.79/- രൂപയും 9000/- രൂപയും 12500/- രൂപയും ചെലവഴിച്ചു.

അംഗീകൃത പ്രോജക്ട് പ്രകാരം പ്രിന്റർ, ലാപ്ടോപ്പ്, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ്, പ്രൊജക്ടർ അനുബന്ധ ഉപകരണം എന്നിവയാണ് 150000/- രൂപ അടങ്കലിൽ വാങ്ങുവാൻ നിശ്ചയിച്ചിരുന്നത് . എന്നാൽ ഇതിൽ നിന്ന് വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രൊക്വയർമെന്റ് കമ്മറ്റിയിൽ തീരുമാനിച്ച് പ്രൊജക്ടറും അനുബന്ധ ഉപകരണങ്ങളും മാത്രം വാങ്ങുകയാണ് ചെയ്തത്. ഇതിന് വിശദീകരണം ആവശ്യപ്പെട്ടതിന് സുലേഖാ സോഫ്റ്റ് വെയറിൽ സ്മാർട്ട് ക്ലാസ്സ് റൂം എന്ന ആസ്തി വർഗ്ഗീകരണ കോഡില്ലന്നും നിലവിൽ ആസ്തിയിൽ ഉൾപ്പെടുന്ന സാധനങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

ഉപകരണങ്ങളുടെ വാറന്റി കാലാവധി എത്രയെന്ന് വ്യക്തയില്ലാതെയും ഉപകരണങ്ങൾക്ക് സർവ്വീസിങ് സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തി കെ.എം. ടെക്നോളജീസുമായി കരാർ വെയ്ക്കാതെയും തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് കരാർ നിബന്ധനകളും സർവ്വീസിങ് സംബന്ധിച്ച കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും രണ്ട് വർഷ വാറണ്ടിയുണ്ടെന്നും വാറണ്ടി കാലാവധി കഴിയുമ്പോൾ ആനുവൽ മെയിന്റനൻസ് കരാറിൽ ഏർപ്പെട്ട് തുടർ നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മേൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുമ്പോൾ സർക്കാർ പദ്ധതി രൂപീകരണത്തെയും നിർവ്വഹണത്തേയും സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്താൻ

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. സബ്സിഡി നിർദ്ദേശങ്ങളും മാർഗ്ഗരേഖയും അനുസരിച്ച് ചെലവു നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-17 കരാർകാലാവധിക്കുള്ളിൽ പൂർത്തിയാകാത്ത വർക്കുകൾ- പുതുക്കിയ പി.ഡബ്ള്യു.ഡി.മാനവൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ.പി.13/2012 പി.ഡബ്ള്യുഡി/1-2-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണത്തിനുള്ള സമയദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല എന്നും പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തികരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാൻ പാടില്ല എന്നും, പൂർത്തീകരണകാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു. ഇതിനായി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി എ.ഇ.മുഖേന അപേക്ഷനൽകേണ്ടതും ഇപ്രകാരം അപേക്ഷ നൽകാത്തപക്ഷം കരാറ് ദുർബ്ബലപ്പെടുത്തേണ്ടതുമാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കുശേഷം ചെയ്യുന്ന പ്രവർത്തി അനധികൃതമാണ്. ഇതിന് പേയ്മെന്റ് നൽകാവുന്നതല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ദീർഘീകരണത്തിന് അപേക്ഷ നൽകുന്ന കേസുകളിൽ പിഴ ആദ്യതവണ പി.എ.സി.യുടെ 1% പരമാവധി 50000/- രൂപയും ആദ്യതവണക്കുശേഷം 2% പരമാവധി 100000/- രൂപ എന്ന ക്രമത്തിലും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മിക്ക വർക്കുകളും വർഷങ്ങളോളം നീണ്ടുപോകുകയും ദീർഘീകരണത്തിന് അപേക്ഷ നൽകുകയോ ദീർഘീകരണം ലഭ്യമാകുകയോ ചെയ്യാത്തവർക്കുകൾക്കും പേയ്മെന്റ് നൽകുകയും ചെയ്യുന്നുണ്ട്. ഇത് ക്രമപ്രകാരമല്ല. എൻജിനീയറിംഗ് വിഭാഗത്തിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ഫയലുകളിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതിയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഫയലിൽ ഒരു സപ്ലിമെന്ററി എഗ്രിമെന്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇതിൽ എഗ്രിമെന്റ് വെച്ച തീയതി, ഏത് തീയതി മുതൽ എന്ന് വരെയാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയത് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം എഗ്രിമെന്റ് വച്ച താഴെ പറയുന്ന വർക്കുകൾ നിയമാനുസൃതം പ്രവർത്തി പൂർത്തിയാക്കേണ്ട തീയതിയിലല്ല പൂർത്തിയാക്കിതെങ്കിലും നിയമാനുസൃതമുള്ള പിഴയായ 23470/- രൂപ ഈടാക്കിയിട്ടില്ല. (പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 26/17.7.19 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല). വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനം. | വർക്കിന്റെ പേര്. | എഗ്രീഡ് PAC | എഗ്രിമെന്റ് നമ്പർ/ തീയതി | പ്രവർത്തി പൂർത്തി യാക്കേണ്ട തീയതി. | പൂർത്തിയായ തീയതി. | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 1 | മലയിൽപ്പടി തടത്തിനേത്ത് പുത്തൻപാലം റോഡ് റീ- ടാറിംഗ് (SO166/19)<br>കരാറുകാരൻഎൻ.കെ. ചന്ദ്രൻ<br>ചെലവ് - ബിൽ നമ്പർ - 15/18.11.18 – 304863/-<br>എം.ബുക്ക്. 11/18-19 | 309969 | 02/AE/LSGD/CRD/2017-18 dtd 15.12.17 | 13/3/18 | 25.10.18 | 9299 |
| 2. | പുലിമുഖത്ത് റോഡ് | 237600 | 24/AE/LSGD/CRD/2017- | 24.3.18 | 24.12.18 | 7128 |

| | | | | | | |
|---|---|---|---|---|---|---|
| | ഇന്റർലോക്കിങ് SO172/19<br><br>കരാറുകാരൻ-<br><br>കെ.പി.ഹരിദാസ്<br><br>ചെലവ് -ബിൽ നമ്പർ - 25/11.1.<br><br>19 – 207522<br><br>എം.ബുക്ക്.21/18-19 | | 18 dtd 27.12.17 | | | |
| 3. | പ്ലാമൂട്ടിൽപ്പടി മൂലകോണത്ത് റോഡ് ഫസ്റ്റ് &സെക്കന്റ് മെറ്റലിംഗ്, ടാറിംഗ് & സൈഡ് പ്രൊട്ടക്ഷൻ<br><br>SO171/19<br><br>കരാറുകാരൻ-<br><br>എസ്.സുജിത്ത് കുമാർ<br><br>ചെലവ് - ചെക്ക് നമ്പർ 1420751/21.2.19 – 88158/-<br><br>1420752/21.2.19 – 88158/-<br><br>1420755/21.2.19 – 2327/- IT 15/18.11.18 – 232734<br><br>എം.ബുക്ക്.26/18-19 | 234765 | 11/AE/LSGD/CRD/2017-18 dtd 16.12.17 | 13.3.18 | 21.1.2019 | 7043 |
| | ആകെ | | | | | 23470 |

മേൽ പറഞ്ഞ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1619800 | ലൈഫ് ജനറൽ | 160000 | 19800 |
| | | 200000 | പാൽ സബ്സിഡി | 200000 | 0 |
| | | 162000 | നെൽ കൃഷി | 162000 | 0 |
| | | 2745448 | ലൈഫ് എസ്.സി.പി | 657956 | 2087492 |
| | | 52290 | ജൈവ പച്ചക്കറി കൃഷി | 52290 | 0 |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാൽ സബ്സിഡി | 200000 | 0 |
| | | 927627 | ലൈഫ് ജനറൽ | 0 | 927627 |
| | | 562030 | ലൈഫ് എസ്.സി.പി | 0 | 562030 |

**4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക | ചെലവ് | റിമാർക്സ് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | എസ്13/2019 | 807432 | 0 | പദ്ധതി ഫിസിക്കലി പൂർത്തിയായി ധനവിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 2017-18 വർഷം ഡെപ്പോസിറ്റ് ചെയ്ത തുക ഉൾപ്പടെ 1472705/- |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | എസ്133/19<br>SO 42/19 | 168500/-<br>132500/- | 0 | ധനവിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | - |
| വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടിവെള്ളകണക്ഷൻ | എസ്203/2019 | 1,40,000/- | 0 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 1,40,000/- |
| വാട്ടർ അതോറിറ്റി | ,, | എസ്42/2019 | 132500/- | 0 | ,, | - |
| ഐ.ആർ.ടി.സി | മെറ്റീരിയൽ കളക്ഷൻ സെൻറർ സ്ഥാപിക്കൽ | എസ്186/2019 | 166464/- | 0 | പദ്ധതി ആരംഭിച്ചിട്ടുണ്ട് 20 ശതമാനം | 166464/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | തുകയാണ് നിർവ്വഹണ ഏജൻസിക്ക് നൽകിയത് | |
| ഐ.ആർ.ടി.സി | സമഗ്ര ശുചിത്വ പരിപാടി | എസ്1151/2019 | 136000/- | 0 | പദ്ധതി ആരംഭിച്ചിട്ടുണ്ട് 20 ശതമാനം തുകയാണ് നിർവ്വഹണ ഏജൻസിക്ക് നൽകിയത് | 136000/- |
| കെൽട്രോൺ | ഗ്രാമപഞ്ചായത്തിലും ഘടക സ്ഥാപനത്തിലും കംപ്യൂട്ടർ അനുബന്ധ ഉപകരണം വാങ്ങൽ | എസ്197/2019 | 199528/- | 0 | സപ്ലൈ ഓഡർ നൽകി | 199528/- |
| കെൽട്രോൺ | ആയുർവേദ ആശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ | എസ്121/2019 | 52320 | 0 | 52320 | |
| കെൽട്രോൺ | മൃഗാശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ | 13/18-19 തീ.25.02.19 | 58431 | 0 | 58431 | |
| കെ.എസ്.ഇ.ബി | അപായകരമായ പോസ്റ്റ് മാറ്റ് സ്ഥാപിക്കൽ | എസ്.6/19 | 2,90,047 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. | 2,90,047 | |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

**4-4 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | 68/2018 തീയതി-18.05.2018<br>100/2018 തീയതി-30.07.2018<br>110/2018 തീയതി-13.08.2018 | 9418866 രൂപ ആകെ ടി തുകയിൽ 421 രൂപ പലിശ വരവാണ് | 0 | 0 | 0 | 9418445/- |

| | | | | | | |
|---|---|---|---|---|---|---|
| | 34/2018/LSGD തീയതി-16.08.2018 | | | | | |

**4-5 സ്ഥിര നിക്ഷേപം**

ഇല്ല

**4-6 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-1 | 400 | സെക്രട്ടറി, ചെറിയനാട് ഗ്രാമ പഞ്ചായത്ത് | 11816102520/ 12.12.2018 |
| 2010-11 | 3-14 | 6261 | പ്രസാദ്.സി.ജി, കൃഷി ഓഫീസർ | 11816102544 /15.12.2018 |
| 2010-11 | 3-15 | 2400 | പ്രസാദ്.സി.ജി, കൃഷി ഓഫീസർ | 11816102545 /15.12.2018 |

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-9 <u>ഓഡിറ്റ് പ്രത്യവലോകനം</u>**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 83745238 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67846238 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,60,455 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2402549 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 181555 | ശ്രീ.ജി.സുനിൽകുമാർ സെക്രട്ടറി |
| 3-5 | | 1400 | ശ്രീ.ജി.സുനിൽകുമാർ സെക്രട്ടറി |
| | | | |

| | | | |
|---|---|---|---|
| 3-10 | | 77500 | ശ്രീമതി.പത്മകുമാരി, എച്ച്.എം |
| ആകെ | | 2,60,455 | |

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 199528 | ശ്രീ.ജി.സുനിൽകുമാർ<br>സെക്രട്ടറി |
| | 52320 | ഡോ.രാജി.ആർ,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദം |
| | 58431 | ഡോ . ദിവ്യാ.ആർ.തങ്കം ,<br>വെറ്ററിനറി സർജൻ |
| 3-11 | 129922 | ഡോ. ഹരി വിശ്വനാഥ്,<br>മെഡിക്കൽ ഓഫീസർ,<br>(പി.എച്ച്.സി) |
| 3-12 | 121905 | ഡോ.രാജി.ആർ,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദം |
| 3-13 | 302464 | ശ്രീമതി.സജ്നാ സെയ്ദ്,<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-15 | 1537979 | ശ്രീ.ജി.സുനിൽകുമാർ,<br>സെക്രട്ടറി<br>(807432/-) |
| | | ശ്രീ.ജി.സുനിൽകുമാർ<br>സെക്രട്ടറി(168500) |
| | | ശ്രീ.ബിജു.കെ.പി,<br>അസി.സെക്രട്ടറി(55000+77000) |
| | | ശ്രീമതി.ഉഷാകുമാരി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>(140000) |
| | | ശ്രീ.ജി.സുനിൽകുമാർ<br>സെക്രട്ടറി(64805+50000+105500+ 44000+25742) |
| ആകെ | | 24,02,549/- |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

--ഇല്ല--

**(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖ.

**(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഉഷാകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസ ർ, ചെറിയനാട് ഗ്രാമപഞ്ചായത്ത് | മൂർത്തി നിവാസ് പുന്നയ്ക്കാമുകൾ അരമട.പി.ഒ തിരുനന്തപുരം |
| ശ്രീ.ജി.സുനിൽ കുമാർ, സെക്രട്ടറി | സെക്രട്ടറി, ചെറിയനാട് ഗ്രാമ പഞ്ചായത്ത് | തട്ടാരയ്യത്ത്, എരുമക്കുഴി, നൂറനാട്.പി.ഒ |
| ശ്രീമതി.ലിജിയ രാജു, അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ, കോർപ്പറേഷൻ, തിരുവനന്തപുരം | ഗ്രീൻവില്ലകോട്ടേജ്, നീരാഴി ലെയ്ൻ, ഉള്ളൂർ, തിരുവനന്തപുരം. |
| ശ്രീമതി.സജ്നാ സെയ്ദ്, അസിസ്റ്റന്റ് എൻജിനീയർ | അസി. എഞ്ചിനിയർ, എൽ.എസ്.ജി.ഡി വിഭാഗം, ചെറിയനാട് ഗ്രാമപഞ്ചായത്ത് | MVRA 15/1,അഗസ്ത്യാ ലെയ്ൻ,മണ്ണാറക്കോണം, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| ഡോ.ഹരി വിശ്വനാഥ് മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി,തൃക്കുന്നപ്പുഴ) | നവനീതം, കോട്ടയ്ക്കകം, മുട്ടം.പി.ഒ, ഹരിപ്പാട്, ആലപ്പുഴ |
| ഡോ.രാജി.ആർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ചെറിയനാട് ആയുർവ്വേദ ഡിസ്പെൻസറി ചെറിയനാട്, കൊല്ലകടവ്.പി.ഒ | കൊച്ചുപറമ്പിൽ, വേഴപ്ര.പി.ഒ രാമങ്കരി,കുട്ടനാട് |
| ഡോ.ദിവ്യാ.ആർ.തങ്കം വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചെറിയനാട് വെറ്ററിനറി ഡിസ്പെൻസറി | ദേവാമൃതം, നങ്ങ്യാർകുളങ്ങര.പി.ഒ, ഹരിപ്പാട് |
| ശ്രീമതി.പദ്മകുമാരി, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് ഗവ.ജെ.ബി.എസ്, ചെറിയനാട് | വൽസ ഭവൻ, പെരിങ്ങിലിപ്പുറം.പി.ഒ,ചെങ്ങന്നൂർ |

4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 1998-99 വരെ (ചെലവ് ) | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 1997-98 (ഡി.സി.ബി) 2000-01 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 2008-09 | എൽ.എഫ്.ജി.എ.5.575/2014/06.05.2014 |
| 2009-10 | എൽ.എഫ്.എ-പി.5/1512/15/17.05.2011 |
| 2010-11 &2011-12 | എൽ.എഫ്.എ-പി.5/ 712/2014/09.12.15 |
| 2012-13 | എൽ.എഫ്.എ-പി.5/429/15/25.02.16 |
| 2013-14&2014-15 | കെ.എസ്.എ.എ.എൽ.പി.പി-5/15/15.02.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി .പി-5/1243/16/09.11.16/03.12.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി-5/1061/2017/10.8.2017/23.8.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി .പി-5/1653/18/10.12.18/08.02.19 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി-പി5-900/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.
തീയതി:27.09.2019

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

# അനുബന്ധം - 2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ